**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793** **02-02-2024 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ ഗവേഷകർക്ക് ഫെല്ലോഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് യോഗ്യതകൾക്കനുസരിച്ച് ലഭിക്കാവുന്ന കേന്ദ്ര ഗവൺമെന്റിന്റെയോ മറ്റ സെൻട്രൽ അതോറിറ്റികളുടെയോ ഫെല്ലോഷിപ്പുകൾ ഏതെല്ലാമാണ്; സംസ്ഥാന സർക്കാരിന്റെ ഫെല്ലോഷിപ്പുകൾ ഏതെല്ലാമാണ്; സംസ്ഥാന സർക്കാർ ഗവേഷകർക്ക് നൽകി വരുന്ന ഫെല്ലോഷിപ്പുകളിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഗവേഷണം നടത്തുന്ന, സെൻട്രൽ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് അതോറിറ്റികളുടെ ഫെല്ലോഷിപ്പുകളൊന്നും ലഭിക്കാത്ത ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് യോഗ്യതകൾക്കനുസരിച്ച് ലഭിക്കാവുന്ന കേന്ദ്ര ഗവൺമെന്റിന്റെയും മറ്റു സെൻട്രൽ അതോറിറ്റികളുടെയും സംസ്ഥാന സർക്കാരിന്റെയും ഫെല്ലോഷിപ്പുകൾ സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാല തിരിച്ചുള്ളത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, എന്നീ സർവകലാശാലകൾ ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആർട്ട്സ് വിഷയത്തിലെ ഗവേഷകന് പ്രതിമാസം നൽകുന്ന ഫെല്ലോഷിപ്പ് തുക എത്ര; സയൻസ് വിഷയത്തിലെ ഗവേഷകന് പ്രതിമാസം നൽകുന്ന ഫെല്ലോഷിപ്പ് തുക എത്ര; നിലവിൽ ഈ വർഷം എത്ര ഗവേഷകർക്ക് ഫെല്ലോഷിപ്പ് നൽകി; കഴിഞ്ഞ വർഷം എത്ര ഗവേഷകർക്ക് ഫെല്ലോഷിപ്പ് നൽകി; സർവകലാശാല തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | <u>കേരള സർവ്വകലാശാല</u><br><br>കേരള സർവകലാശാല ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ട്. ആർട്സ്, സയൻസ് വിഷയങ്ങളിലെ NET യോഗ്യതയുള്ള ഗവേഷകർക്ക് പ്രതിമാസം 13,000 രൂപയും മറ്റ യോഗ്യതയുള്ള ഗവേഷകർക്ക് പ്രതിമാസം 11,000 രൂപയും നൽകുന്നുണ്ട്. 2023 ൽ കേരള സർവകലാശാലയിൽ പിഎച്ച്ഡി ഗവേഷണത്തിന് രജിസ്റ്റർ ചെയ്തവരിൽ സർവകലാശാല ഫെല്ലോഷിപ്പ് വാങ്ങിയ ആകെ ഗവേഷകരുടെ എണ്ണം - 136 . 2022 ൽ കേരള സർവകലാശാലയിൽ പിഎച്ച്ഡി ഗവേഷണത്തിന് രജിസ്റ്റർ ചെയ്തവരിൽ സർവകലാശാല ഫെല്ലോഷിപ്പ് വാങ്ങിയ ആകെ ഗവേഷകരുടെ എണ്ണം- 278.<br><br><u>മഹാത്മാഗാന്ധി സർവ്വകലാശാല</u><br><br>ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ, മറ്റ് ഫെല്ലോഷിപ്പുകൾ ഒന്നും |

ലഭിക്കാത്ത ഗവേഷണ വിദ്യാർത്ഥികൾക്കായി സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാല പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും ഗവേഷണം നടത്തുന്ന പൂർണ്ണസമയ ഗവേഷകരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്ക് ആർട്സ്/സയൻസ് വിഷയ വേർതിരിവില്ലാതെ പ്രതിമാസം 12,000/- (പന്ത്രണ്ടായിരം രൂപ മാത്രം) രൂപ ഫെല്ലോഷിപ് ഇനത്തിലും പ്രതിവർഷം 5,000/- (അയ്യായിരം രൂപ) രൂപ കണ്ടിജൻസി ഗ്രാന്റ് ഇനത്തിലും പരമാവധി 3 വർഷ കാലയളവിലേക്ക് അനുവദിച്ച് വരുന്നു.

2022-2023 കാലയളവിൽ 113 ഗവേഷക വിദ്യാർത്ഥികൾക്കും 2021-2022 കാലയളവിൽ 200 ഗവേഷക വിദ്യാർത്ഥികൾക്കും യൂണിവേഴ്സിറ്റി ജെ..ആർ.എഫ് അനുവദിച്ചിട്ടുണ്ട്. 2022-2023 കാലയളവിൽ അഫിലിയേറ്റഡ് കോളേജുകളിലെ 78 ഗവേഷക വിദ്യാർത്ഥികൾക്കും, 2021-2022 കാലയളവിൽ 126 ഗവേഷക വിദ്യാർത്ഥികൾക്കും ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുണ്ട്.

<u>കാലിക്കറ്റ് സർവ്വകലാശാല</u>

കാലിക്കറ്റ് സർവകലാശാലാ പഠനവകുപ്പുകളിലെ ഗവേഷകർക്ക് നാലു വർഷത്തേക്ക് ഫെല്ലോഷിപ്പ് നൽകുന്നുണ്ട്.

ആർട്സ്, സയൻസ് വിഷയങ്ങളിലെ ഗവേഷകർക്ക് പ്രതിമാസം നൽകുന്ന ഫെലോഷിപ്പ് തുക.

ജൂനിയർ റിസർച്ച് ഫെലോഷിപ്പ് (രണ്ട് വർഷം) - 15,000/-രൂപ

സീനിയർ റിസർച്ച് ഫെലോഷിപ്പ് (രണ്ട് വർഷം) -18,000/-രൂപ

കണ്ടിജൻസി ഗ്രാൻറ് (നാല് വർഷത്തേക്ക്) - 10,000/-രൂപ

ഈ വർഷം ഫെലോഷിപ്പ് നൽകിയ ഗവേഷകരുടെ എണ്ണം - 206

കഴിഞ്ഞ വർഷം ഫെലോഷിപ്പ് നൽകിയ ഗവേഷകരുടെ എണ്ണം - 174

<u>കണ്ണൂർ സർവ്വകലാശാല</u>

കണ്ണൂർ സർവ്വകലാശാല ഫെല്ലോഷിപ്പ് ഇനത്തിൽ അർഹരായ ഗവേഷകർക്ക് പ്രതിമാസം 10,000 രൂപ

| | | | |
|---|---|---|---|
| | | | വീതമാണ് നൽകിവരുന്നത്.<br><br>2023 അധ്യയന വർഷം 108 ഗവേഷകർക്കാണ് ഫെല്ലോഷിപ്പ് അനുവദിച്ചത്. 2022 അധ്യയന വർഷം 82 ഗവേഷകർക്കാണ് ഫെല്ലോഷിപ്പ് അനുവദിച്ചത്. |
| (സി) | അഫിലിയേറ്റഡ് കോളേജുകളിലും മറ്റുമുള്ള യൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകളിലെ ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ടോ; കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, എന്നീ സർവകലാശാലകളിലെ റിസർച്ച് സെന്ററുകളിലെ (അഫിലിയേറ്റഡ് കോളേജ്) ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആർട്ട്സ് വിഷയത്തിലെ ഗവേഷകന് പ്രതിമാസം നൽകുന്ന ഫെല്ലോഷിപ്പ് തുക എത്ര; സയൻസ് വിഷയത്തിലെ ഗവേഷകന് പ്രതിമാസം നൽകുന്ന ഫെല്ലോഷിപ്പ് തുക എത്ര; നിലവിൽ ഈ വർഷം എത്ര ഗവേഷകർക്ക് ഫെല്ലോഷിപ്പ് നൽകി; കഴിഞ്ഞ വർഷം എത്ര ഗവേഷകർക്ക് ഫെല്ലോഷിപ്പ് നൽകി; സർവകലാശാല തിരിച്ചുമുള്ള വിവരം ലഭ്യമാക്കുമോ? | (സി) | <u>കേരള സർവ്വകലാശാല</u><br><br>അഫിലിയേറ്റഡ് കോളേജുകളിലും മറ്റുമുള്ള യൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകളിലെ ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ട്. ആർട്സ്, സയൻസ് വിഷയങ്ങളിലെ NET യോഗ്യതയുള്ള ഗവേഷകർക്ക് പ്രതിമാസം 13,000 രൂപയും മറ്റ യോഗ്യതയുള്ള ഗവേഷകർക്ക് പ്രതിമാസം 11,000 രൂപയും നൽകുന്നുണ്ട്. 2023 ൽ കേരള സർവകലാശാലയിൽ പിഎച്ച്ഡി ഗവേഷണത്തിന് അഫിലിയേറ്റഡ് കോളേജുകളിലും മറ്റ റിസർച്ച് സെന്ററുകളിലും സർവലാശല ഫെല്ലോഷിപ്പ് വാങ്ങിയ ആകെ ഗവേഷകരുടെ എണ്ണം = 95. 2022 ൽ കേരള സർവകലാശാലയിൽ പിഎച്ച്ഡി ഗവേഷണത്തിന് അഫിലിയേറ്റഡ് കോളേജുകളിലും മറ്റ റിസർച്ച് സെന്ററുകളിലും ഗവേഷണത്തിന് രജിസ്റ്റർ ചെയ്തവരിൽ സർവകലാശാല ഫെല്ലോഷിപ്പ് വാങ്ങിയ ആകെ ഗവേഷകരുടെ എണ്ണം = 191<br><br><u>മഹാത്മാഗാന്ധി സർവ്വകലാശാല</u><br><br>സർവ്വകലാശാല പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും ഗവേഷണം നടത്തുന്ന പൂർണ്ണസമയ ഗവേഷകരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്ക് ആർട്സ്/സയൻസ് വിഷയ വേർതിരിവില്ലാതെ പ്രതിമാസം 12,000/- (പന്ത്രണ്ടായിരം രൂപ മാത്രം) രൂപ ഫെല്ലോഷിപ് ഇനത്തിലും പ്രതിവർഷം 5,000/- (അയ്യായിരം രൂപ) രൂപ കണ്ടിജൻസി ഗ്രാന്റ് ഇനത്തിലും പരമാവധി 3 വർഷ കാലയളവിലേക്ക് അനുവദിച്ച് വരുന്നു. 2022-2023 കാലയളവിൽ 113 ഗവേഷക വിദ്യാർത്ഥികൾക്കും 2021-2022 കാലയളവിൽ 200 ഗവേഷക വിദ്യാർത്ഥികൾക്കും യൂണിവേഴ്സിറ്റി ജെ..ആർ.എഫ് അനുവദിച്ചിട്ടുണ്ട്. 2022-2023 കാലയളവിൽ അഫിലിയേറ്റഡ് കോളേജുകളിലെ 78 ഗവേഷക വിദ്യാർത്ഥികൾക്കും, 2021-2022 കാലയളവിൽ 126 ഗവേഷക വിദ്യാർത്ഥികൾക്കും ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുണ്ട്.<br><br><u>കാലിക്കറ്റ് സർവ്വകലാശാല</u> |

| | | | |
|---|---|---|---|
| | | | അഫിലിയേറ്റഡ് കോളേജുകളിലും മറ്റുമുള്ള യൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകളിലെ ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നില്ല. പ്രസ്തുത വിഷയം സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.<br><br>കണ്ണൂർ സർവ്വകലാശാല<br><br>കണ്ണൂർ സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെയും സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകളിലെയും റിസർച്ച് സെന്ററുകളിലെ സെൻട്രൽ ആല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് അതോറിറ്റികളുടെ ഫെൽലോഷിപ്പുകളൊന്നും ലഭിക്കാത്ത അർഹരായ എല്ലാ ഗവേഷകർക്കും സയൻസ്, ആർട്സ് വിഷയവ്യത്യാസമില്ലാതെ പ്രതിമാസം 10,000/- രൂപ നിരക്കിൽ സർവ്വകലാശാല ഫെല്ലോഷിപ്പ് നൽകിവരുന്നുണ്ട്.<br><br>2023 വർഷം അനുവദിച്ച 108 ൽ 67, 2022 വർഷം അനുവദിച്ച 82-ൽ 25 എന്നിങ്ങനെയാണ് അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷകർക്ക് ഫെല്ലോഷിപ്പ് അനുവദിച്ചത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കേരള സർവ്വകലാശാല**

കേരള സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റുകളിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സെൻട്രൽ അതോറിറ്റികളുടെയും സംസ്ഥാന സർക്കാരിന്റേയും ഫെല്ലോഷിപ്പികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**സെൻട്രൽ അതോറിറ്റി ഫെല്ലോഷിപ്പുകൾ**

- CSIR (Council of Scientific and Industrial Research) സയൻസ് വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് CSIR ന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഫെല്ലോഷിപ്പ് നൽകുന്നുണ്ട്.
- DST – INSPIRE (Innovation in Science Pursuit for Inspired Research) സർവകലാശാല ബിരുദാനന്തര ബിരുദ പരീക്ഷകളിലെ റാങ്ക് ജേതാക്കൾക്ക് ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനായി Dept. of Science & Technology നൽകുന്ന ഫെല്ലോഷിപ്പ്
- ICSSR (Indian Council of Social Science Research) ശാസ്ത്ര ഇതര വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കായി നൽകുന്ന ഫെല്ലോഷിപ്പ്
- ICMR (Indian Council of Medical Research) ബയോമെഡിക്കൽ വിഷയങ്ങൾ ഗവേഷണത്തിനായി തിരഞ്ഞെടുത്ത വിദ്യാർത്ഥകൾക്കായി നൽകുന്ന ഫേല്ലോഷിപ്പ്

**കേരള സംസ്ഥാന സർക്കാർ ഫെല്ലോഷിപ്പുകൾ**

- KSCSTE (Kerala State Council for Science, Technology and Environment) ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരളാ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നൽകുന്ന ഫെല്ലോഷിപ്പ് ,
- DoECC– പരിസ്ഥിതി പോഷിണി ഫെല്ലോഷിപ്പ് പരിസ്ഥിതി ശാസ്ത്രത്തിൽ ഗവേഷണം നടത്തുന്നതിനായി Dept. of Environment and Climate Change വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ഫെല്ലോഷിപ്പ് .

കൂടാതെ കേന്ദ്ര സർക്കാരിന് കീഴിലുള്ള യു.ജി.സി നൽകുന്ന യുജിസി ജെ.ആർ.എഫ്, National Fellowship for Persons with Disability (NFPwD), Savitribai Jyotirao Phule Fellowship for Single Girl Child(SJSGC) എന്നിവയും, കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം നൽകുന്ന മൗലാന ആസാദ് നാഷണൽ ഫെല്ലോഷിപ്പും (MANF), കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ കാര്യ മന്ത്രാലയം നൽകുന്ന National fellowship for Scheduled Caste(NFSC) , National Fellowship for Other Backward Classes (NFOBC) എന്നീ ഫെൽലോഷിപ്പുകൾ വഴി നിലവിൽ നൽകുന്നുണ്ട്.

കേരള സർവകലാശാലയിൽ ഗവേഷണം നടത്തുന്ന, സെൻട്രൽ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് അതോറിറ്റികളുടെ ഫെല്ലോഷിപ്പുകളൊന്നും ലഭിക്കാത്ത ഗവേഷകർക്ക് കേരള സർവകലാശാല നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ഫെല്ലോഷിപ്പ് നൽകുന്നുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മഗാന്ധി സർവ്വകലാശാല പഠന വകുപ്പുകളിലെ ഗവേഷക വിദ്യാർത്ഥികൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാർ ഏജൻസികളുടെ താഴെ പറയുന്ന ഫെലോഷിപ്പുകൾ ലഭ്യമാകുന്നുണ്ട്.

| Funding Agency | Fellowship |
|---|---|
| UGC | Junior Research Fellowship |
| UGC | Savitribhai Jyotirao phule Single Girl Child Fellowship (SJSGC) |
| UGC | Dr. D S Kothari Post Doctoral Fellowship |
| UGC | National Fellowship for Persons with Disabilities |
| ICSSR | ICSSR Doctoral/Post Doctoral Fellowship |
| DST | DST Inspire Fellowship |
| DST | WISE Kiran Fellowship for Ph.D and Post Doctoral Research |
| KSCSTE | KSCSTE Research Fellowship/Post Doctoral Fellowship |
| ICMR | ICMR Senior Research Fellowship |
| DBT | DBT Junior Research Fellowship |
| KSHEC | Chief Minister's Nava Kerala Post Doctoral Fellowship |

ഇവയ്ക്ക് പുറമേ പിന്നാക്ക, ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായി, താഴെ പറയുന്ന ഫെല്ലോഷിപ്പുകളും ലഭിക്കുന്നുണ്ട്.

- National Fellowship for Scheduled Castes - NFSC
- National Fellowship for Scheduled Tribes - NFST
- National Fellowship for Other Backward Classes -NFOBC
- Maulana Azad National Fellowship- MANF

കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഗവേഷണം നടത്തുന്ന സെൻട്രൽ അല്ലെങ്കിൽ സ്റ്റേറ്റ് ഗവണ്മെന്റ് അതോറിറ്റികളുടെ ഫെല്ലോഷിപ്പുകൾ ഒന്നും ലഭിക്കാത്ത പൂർണ്ണസമയ ഗവേഷകർക്കായി സർവകലാശാലാ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല

കേന്ദ്ര ഗവൺമെന്റ് /സെൻട്രൽ അതോറിറ്റി ഫെലോഷിപ്പുകൾ

UGC-JRF/SRF

CSIR, RGNF,NFOBC, MANF,NFPWD ,SJSGC,BCIL ,NFST, SERB, ICSSR PDF, Kothari PDF, DST Inspire, ICHR,ICPR, ICSSR, UGC Emeritus,PDF For SC/ST & Women, BSR, BPRD, ICMR RA, UGC Research Award, Dr. S. Radhakrishnan PDF

സംസ്ഥാന സർക്കാർ ഫെലോഷിപ്പുകൾ

KSCSTE, Paristhithi Poshini, Chief Minister's Nava Kerala PDF (Mode 1 & Mode 2)

കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഗവേഷണം നടത്തുന്ന സെൻട്രൽ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെൻറ് അതോറിറ്റികളുടെ ഫെലോഷിപ്പുകൾ ഒന്നും ലഭിക്കാത്ത ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെലോഷിപ്പ് നൽകുന്നുണ്ട്. സെൻട്രൽ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെൻറ് അതോറിറ്റികളുടെ ഫെലോഷിപ്പുകൾ ഒന്നും ലഭിക്കാത്ത കാലിക്കറ്റ് സർവകലാശാലാ പഠനവകുപ്പുകളിലെ ഗവേഷകർക്ക് നാല് വർഷത്തേക്ക് യൂണിവേഴ്സിറ്റി ഫെലോഷിപ്പ് നൽകിവരുന്നു

<u>കണ്ണൂർ സർവ്വകലാശാല</u>

കേന്ദ്ര സർക്കാർ ഫെല്ലോഷിപ്പ്

യു.ജി.സി ഫെല്ലോഷിപ്പ് - നെറ്റ്, ജെ.ആർ.എഫ്, മൗലാനാ ആസാദ് നാഷണനൽ ഫെല്ലോഷിപ്പ്, നാഷണൽ ഫെല്ലോഷിപ്പ് ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്, നാഷണൽ ഫെല്ലോഷിപ്പ് ഫോർ ഷെഡ്യൂൾഡ് ട്രൈബ്, നാഷണൽ ഫെല്ലോഷിപ്പ് ഫോർ അദർ ബാക്ക് വാർഡ് ക്ലാസസ്, Savithri Bai Jyothirao Phule സിംഗിൾ ഗേൾ ചൈൽഡ് ഫെല്ലോഷിപ്

സെൻട്രൽ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ പെല്ലോഷിപ്പുകളൊന്നും ലഭിക്കാത്ത ഗവേഷകർക്ക് പ്രതിമാസനം 10,000 രൂപ നിരക്കിൽ അർഹരായ ഗവേഷകർക്ക് ജൂനിയർ റിസർച്ച് പെല്ലോഷിപ്പ് നൽകിവരുന്നുണ്ട്.

<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

1. യു.ജി.സി ഫെല്ലോഷിപ്പുകൾ

NFOBC-National Fellowship for other backward community, NFSC - National fellowship for Scheduled Caste, NFST- National Fellowship for Scheduled Tribe,. NET – Junior, Research Fellowship (JRF), . MAMF-Moulana Azad National Fellowship, . SJSGC- Savitribal Jyotirao Phule Fellowship for single girl Child.

2.ICSSR - Indian Council for Social Science Research
3.ICPR- Indian Council for Philosophical Research
4.ICHR -Indian Council for Historical Research
5.സ്റ്റേറ്റ് ഗവൺമെന്റ് നൽകുന്ന ഇ ഗ്രാന്റ്സ്, യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് എന്നിവ ഗവേഷകർക്ക് ലഭ്യമാക്കുന്നുണ്ട്

മറ്റ് ഫെല്ലോഷിപ്പുകൾ ഒന്നും ലഭിക്കാത്ത ഗവേഷകർക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന പ്ലാൻ ഗ്രാന്റിൽ നിന്നും യൂണിവേഴ്സിറ്റി റിസർച്ച് ഫെല്ലോഷിപ്പ്, കണ്ടിൻജന്റ് ഗ്രാന്റ് എന്നിവ താഴെ പറയുന്ന നിരക്കിൽ അനുവദിച്ചു നൽകി വരുന്നു.

| വർഷം | ഫെല്ലോഷിപ്പ് തുക പ്രതിമാസം |
|---|---|
| ഒന്നാം വർഷം | 12000/- |
| രണ്ടാം വർഷം | 12,000/- |
| മൂന്നാം വർഷം | 15,000/- |
| പി.എച്ച്.ഡി കണ്ടിൻജന്റ് ഗ്രാന്റ് | 4,000/- (പരമാവധി മൂന്ന് വർഷം വരെ) |

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ഗവേഷക വിദ്യാർത്ഥികൾക്ക് നിലവിൽ ലഭിച്ചു വരുന്ന നാഷണൽ ഫെല്ലോഷിപ്പുകൾ താഴെ കൊടുക്കുന്നു

- CSIR Fellowship
- DST INSPIRE Fellowship
- MNRE-NREF
- SERB- National Post Doctoral Fellowship
- ICMR-Research Associateship
- DBT-Research Associateship
- UGC-NET JRF
- UGC-MANF (Maulana Azad National Fellowship)
- UGC-NFSC (National Fellowship for SC Students)
- UGC-NFST (National Fellowship for ST Students)
- UGC-DS Kothari Post Doctoral Fellowship
- UGC-National Fellowship for persons with Disability
- UGC-National Fellowship for Students of Other Backward Classes
- UGC- Savithri Jyotirao Phule Fellowship for Single Girl Child

സർവ്വകലാശാലയിൽ സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും നൽകി വരുന്ന ഫെല്ലോഷിപ്പുകൾ താഴെപറയുന്നവയാണ്

- KSCSTE Fellowship
- Navakerala Post doctoral Fellowship

കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നൽകി വരുന്ന മേൽപ്പറഞ്ഞ ഫെല്ലോഷിപ്പുകൾ ലഭ്യമാകാത്ത ഗവേഷക വിദ്യാർത്ഥികൾക്ക് നിബന്ധനകൾക്ക് വിധേയമായി സർവ്വകലാശാല ഫെല്ലോഷിപ്പ് (UJRF, USRF) നൽകിവരുന്നുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നിലവിൽ പ്രതിവർഷം 180 UJRF Positions നൽകിവരുന്നു. UJRF തുക പ്രതിമാസം 20,000/- രൂപ വച്ച് രണ്ട് വർഷത്തേക്കും Contingent Grant 10,000/- രൂപ പ്രതിവർഷവും നൽകിവരുന്നു. രണ്ട് വർഷം U-JRF പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അസസ്സ്മെന്റ് നടത്തി രണ്ട് വർഷത്തേക്കു കൂടി U-SRF നൽകുന്നുണ്ട്. U-SRF തുക പ്രതിമാസം 22,500/- രൂപയും Contingent Grant പ്രതിവർഷം 10,000/- രൂപയുമാണ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല

യു.ജി.സി നൽകി വരുന്ന JRF/SRF ഫെല്ലോഷിപ്പ് NFSC, NFST, NFOBC, MANF, SVSGC

സ്റ്റേറ്റ് ഗവൺമെന്റ് – ഇ-ഗ്രാന്റ് മുഖേന നൽകുന്ന ഫെല്ലോഷിപ്പ്

മറ്റ് ഫെല്ലോഷിപ്പുകൾ ലഭിക്കാത്ത ഗവേഷണകർക്ക് 12,000/- രൂപ നിരക്കിൽ നിലവിൽ ഫെല്ലോഷിപ്പ് നൽകി വരുന്നുണ്ട്.

National University of Advanced Legal Studies (NUALS)

കേന്ദ്ര സർക്കാരിന്റെ ഫെല്ലോഷിപ്പുകൾ – JRF, SRF, NFSC

സംസ്ഥാന സർക്കാരിന്റെ ഫെല്ലോഷിപ്പുകൾ – URF, PDF

എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

AICTE നൽകുന്ന സാങ്കേതിക ശാസ്ത്ര രംഗത്തെ ഡോക്ടറൽ ഫെല്ലോഷിപ്പ് സർവ്വകലാശാല മുഖേനയാണ് നൽകി വരുന്നത്. സർവ്വകലാശാലയിൽ നിലവിൽ ഒരു വർഷം 100 മുഴുവൻ സമയ ഗവേഷക വിദ്യാർത്ഥികൾക്കായി എ..പി.ജെ അബ്ദുൽ കലാം ഡോക്ടറൽ ഫെല്ലോഷിപ്പ് എന്ന പേരിൽ സർവ്വകലാശാല ഗവേഷണ ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഫണ്ടും സർവ്വകലാശാലയുടെ സ്വന്തം ഫണ്ടും സംയുക്തമായി ഉപയോഗിച്ചാണ് നിലവിൽ എ..പി.ജെ അബ്ദുൽ കലാം ഡോക്ടറൽ ഫെല്ലോഷിപ്പ് നൽകി വരുന്നത്. ഇതിനായി കേന്ദ്ര സർക്കരിൽ നിന്നും ധനസഹായം ലഭിക്കുന്നില്ല . ഗവേഷണ മേഖലയിൽ കഴിഞ്ഞ 2 അക്കാദമിക വർഷങ്ങളിൽ സർവ്വകലാശാലയിൽ പ്രവേശനം ലഭിച്ച എല്ലാ ഫുൾ ടൈം ഗവേഷകർക്കും ഫെല്ലോഷിപ്പ് നിലവിൽ നൽകി വരുന്നുണ്ട്

**സെക്ഷൻ ഓഫീസർ**